(ബി) 2014-15 സാമ്പത്തിക വർഷത്തിൽ 9 കോടി രൂപയാണ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. എന്നാൽ 2012-13 വർഷത്തിൽ 1.70 കോടി രൂപയും 2013-14 വർഷത്തിൽ 12.66 കോടി രൂപയും കുടിശ്ശിക ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിൽ കുടിശ്ശിക തുക നൽകുന്നതിന് ഫസ്റ്റ് ബാച്ച് എസ്.ഡി.ജി. യിൽ 15 കോടി രൂപ അനുവദിച്ചു നൽകുകയും ചെയ്തു. ഈ വർഷത്തെ ബഡ്ജറ്റ് ശീർഷകത്തിലെ 9 കോടി രൂപയും എസ്.ഡി.ജി. പ്രകാരം അനുവദിച്ച 15 കോടി രൂപയും ചേർത്ത് ആകെ 24 കോടി രൂപ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനായി 2014-15 സാമ്പത്തിക വർഷം ജില്ലാ ഓഫീസർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ലാ ഓഫീസർമാർ ടി ഫണ്ട് കുടിശ്ശിക തീർക്കുന്നതിനായി വിതരണം ചെയ്തുവരുന്നു.

ഫിഷറീസ് സ്കൂളുകൾ

136 (3768) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഫിഷറീസ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ചുമതല ആരിൽ നിക്ഷിപ്തമെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്തെ ഫിഷറീസ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും എത്ര തുക ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ തുക ഉപയോഗിച്ച് ഓരോ സ്കൂളിലും നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന് കീഴിൽ 9 ജില്ലകളിലായി 10 ഫിഷറീസ് സ്കൂളുകൾ നിലവിലുണ്ട്.

(ബി) ഫിഷറീസ് സ്കൂളുകളുടെ നടത്തിപ്പും അറ്റകുറ്റപ്പണികളും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യ വികസനം ഫിഷറീസ് വകുപ്പിലും നിക്ഷിപ്തമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ 10 ഫിഷറീസ് സ്കൂളുകളുടെ പുനരുദ്ധാരണത്തിനും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുമായി 2516.5 ലക്ഷം രൂപയുടെ പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. ഇതിൽ ഓരോ സ്കൂളുകൾക്കും അനുവദിച്ചിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. കാഞ്ഞങ്ങാട് ഫിഷറീസ് സ്കൂൾ	-	139.00	ലക്ഷം രൂപ
2. അഴീക്കൽ ഫിഷറീസ് സ്കൂൾ	-	340.00	ലക്ഷം രൂപ
3. ബേപ്പൂർ ഫിഷറീസ് സ്കൂൾ	-	174.00	ലക്ഷം രൂപ
4. കൊയിലാണ്ടി ഫിഷറീസ് സ്കൂൾ	-	135.00	ലക്ഷം രൂപ
5. താനൂർ ഫിഷറീസ് സ്കൂൾ	-	298.00	ലക്ഷം രൂപ
6. ചാവക്കാട് ഫിഷറീസ് സ്കൂൾ	-	132.00	ലക്ഷം രൂപ
7. തേവര ഫിഷറീസ് സ്കൂൾ	-	202.00	ലക്ഷം രൂപ
8. അർത്തുങ്കൽ ഫിഷറീസ് സ്കൂൾ	-	119.50	ലക്ഷം രൂപ
9. കരുനാഗപ്പള്ളി ഫിഷറീസ് സ്കൂൾ	-	195.00	ലക്ഷം രൂപ
10. വലിയതുറ ഫിഷറീസ് സ്കൂൾ	-	782.00	ലക്ഷം രൂപ
	ആകെ	2516.50	ലക്ഷം രൂപ

(ഡി) ടി തുക ഉപയോഗിച്ച് ഫിഷറീസ് സ്കൂളുകളിൽ ഉറപ്പുള്ള കെട്ടിടം, അദ്ധ്യാപകർക്കും ഹെഡ്മാസ്റ്റർക്കും മുറികൾ, സ്മാർട്ട് ക്ലാസ്സ് മുറികൾ, കളിസ്ഥലങ്ങൾ, ലൈബ്രറി, ലാബുകൾ, ആവശ്യത്തിന് ഫർണിച്ചറുകൾ, ടോയ്ലറ്റുകൾ എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടത്തിവരുന്നു.

കണയംകോട് ഫിഷ് ലാന്റിംഗ് സെന്റർ

137 (3769) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണയംകോട് ഫിഷ് ലാന്റിംഗ് സെന്റർ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly